I/555608/2023

## കാസർഗോഡ് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നടപടി ഉത്തരവ്

**(സാന്നിധ്യം. .നന്ദികേശൻ എൻ )**

വിഷയം:- പൊതു വിദ്യാഭ്യാസം -അന്തർജില്ലാ സ്ഥലം മാറ്റം 2023-24 -ഭാഷാധ്യാപകരുടെ അന്തിമ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:- 1.12.12.1991 ലെ സര്ക്കാര് ഉത്തരവ് (പി) നം .36 / 1991 പി &ആർ ഡി തിരുവനന്തപുരം

2 .24.12.2021.ലെ സ .ഉ (അച്ചടി )നമ്പർ 27/ 2021 / പൊ വി വ

3.27.10.2023 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരത്തിന്റെ എ1/11483/2023/ ഡി ജി ഇ നമ്പർ സർക്കുലർ

4.വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച മുൻഗണന പട്ടിക

5.ഈ കാര്യാലയത്തിലെ 04.12.2023 ലെ DDEKGD/3199/2023/-A 3 നമ്പർ താൽക്കാലിക ഉത്തരവ്

**ഉത്തരവ് നമ്പർ DDEKGD/3199/2023-A3 തീയതി : 20-12-2023**

അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി പരാമർശം (3) സർക്കുലർ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം അപേക്ഷ ക്ഷണിച്ചിരുന്നു .ആയതു പ്രകാരം അപേക്ഷ സമർപ്പിച്ച അർഹരായ ഭാഷാധ്യാപകരുടെ മുൻഗണന പട്ടിക പരാമർശം (4) പ്രകാരം ഓൺലൈൻ ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.ഇടർന്ന് പരാമർശം (5) പ്രകാരം താൽക്കാലിക സ്ഥലം മാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.അപ്രകാരം കാസറഗോഡ് റവന്യൂ ജില്ലയിലേക്ക് സ്ഥലം മാറ്റത്തിനായി ഒഴിവുകൾ നീക്കിവച്ച തസ്തികകളിലേക്ക് 2023-24 വർഷത്തിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിന് അർഹരായ അധ്യാപകർക്ക് താഴെ കൊടുത്തിരിക്കുന്ന അനുബന്ധത്തിൽ പറയും പ്രകാരം അവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന സ്കൂളുകളിലേക്ക് അന്തിമമായി സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു

**I.എച്ച് എസ് ടി (ഹിന്ദി )**

| ക്രമ നമ്പർ | അധ്യാപകന്റെ പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ ,ജില്ല | സ്ഥലം മാറ്റം ലഭിച്ച സ്കൂൾ |
|---|---|---|---|---|
| 1. | നിജിന സി | എച്ച് എസ് ടി (ഹിന്ദി ) | ജി എച്ച് എസ് തരുവാണ ,വയനാട് | ജി എച്ച് എസ് എസ് പള്ളിക്കര |

**II.എച്ച് എസ് ടി (അറബിക് )**

| ക്രമ നമ്പർ | അധ്യാപകന്റെ പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ ,ജില്ല | സ്ഥലം മാറ്റം ലഭിച്ച സ്കൂൾ |
|---|---|---|---|---|
| 1. | മുഹമ്മദ് സയിദ് ബി | എച്ച് എസ് ടി (അറബിക് ) | ജി വി എച്ച് എസ് എസ് ദേശമംഗലം ,തൃശൂർ | ജി എച്ച് എസ് എസ് അംഗഡിമൊഗർ |

**III.ജൂനിയർ ലാംഗ്വേജ് ഹിന്ദി ഫുൾ ടൈം**

| ക്രമ നമ്പർ | അധ്യാപകന്റെ പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ ,ജില്ല | സ്ഥലം മാറ്റം ലഭിച്ച സ്കൂൾ |
|---|---|---|---|---|
| 1. | താജുദ്ധീൻ സി എച്ച് | ജൂനിയർ ലാംഗ്വേജ് ഹിന്ദി ഫുൾ ടൈം | കെ എം ജി യു പി എസ് തവനൂർ,മലപ്പുറം | ജി എച്ച് എസ് എസ് ഉദുമ |

**IV.ജൂനിയർ ലാംഗ്വേജ് ഹിന്ദി പാർട്ട് ടൈം**

| ക്രമ നമ്പർ | അധ്യാപകന്റെ പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ ,ജില്ല | സ്ഥലം മാറ്റം ലഭിച്ച സ്കൂൾ |
|---|---|---|---|---|
| 1. | ശ്രീക്ഷ്മ പി പി | ജൂനിയർ ലാംഗ്വേജ് ഹിന്ദി പാർട്ട് ടൈം | വിജയഗിരി.ജി.യു .പി.എസ് ,കണ്ണൂർ | ജി യു പി എസ് നാലിലാംകണ്ടം |

**V.ജൂനിയർ ലാംഗ്വേജ് അറബിക് ഫുൾ ടൈം (യു പി )**

| ക്രമ നമ്പർ | അധ്യാപകന്റെ പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ ,ജില്ല | സ്ഥലം മാറ്റം ലഭിച്ച സ്കൂൾ |
|---|---|---|---|---|
| 1. | നജീബ് എം എൻ | ജൂനിയർ ലാംഗ്വേജ് അറബിക് ഫുൾ ടൈം (യു പി ) | ജി യു പി എസ് അമ്പലത്തറ, തിരുവനന്തപുരം | ജി യു പി എസ് തെക്കിൽ പറമ്പ |

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകരുടെ ജില്ലാതല സർവീസ് സീനിയോറിറ്റി കാസർഗോഡ് ജില്ലയിൽ പ്രവേശിക്കുന്ന തിയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളു .

അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകരുടെ ജില്ലാ തല സർവീസ് സീനിയോറിറ്റി കാസർഗോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളു .കൂടാതെ 09.08 .1988 ലെ ജി ഒ (എം എസ് ) നമ്പർ 128/ 88 പൊ വി വ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ അധ്യാപകർ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിൽ ഏറ്റവും ജൂനിയർ ആയിരിക്കും .സ്ഥലം മാറ്റം ലഭിച്ച അധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുൻപ് മേൽ പരാമർശിച്ച വിവരം ബന്ധപ്പെട്ട അധ്യാപകരിൽ നിന്നും സത്യപ്രസ്താവനയായി എഴുതി വാങ്ങി സേവന പുസ്തകത്തിൽ പതിക്കേണ്ടതും ആയതു രേഖപ്പെടുത്തി പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ് .കാസർഗോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് മേൽ വിവരങ്ങൾ ബന്ധപ്പെട്ട അധ്യാപകരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് പ്രധാനാധ്യാപകർ ഉറപ്പ് വരുത്തേണ്ടതാണ് .

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെ സർവീസ് സീനിയോറിറ്റി കാസറഗോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിമുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. കൂടാതെ 09.08.1988 ലെ ജി.ഒ(എം.എസ്) 128/88/പൊ.വി.വ ഉത്തരവ് പ്രകാരം ജോലിയിൽ പ്രെവേശിക്കുന്ന ദിവസം ഈ ജില്ലയിൽ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിൽ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച് അധ്യാപകരെ മേൽ പരാമർശിച്ച വിവരം ബന്ധപ്പെട്ട അധ്യാപകരിൽ നിന്നും സത്യപ്രസ്ഥാപനയായി എഴുതിവാങ്ങി സേവന പുസ്തകത്തിൽ രേഖപ്പെടുത്തി പ്രഥമാധ്യാപകർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. കാസറഗോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് മേൽ വിവരങ്ങൾ ബന്ധപ്പെട്ട അധ്യാപകന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പ്രഥമാധ്യാപകൻ ഉറപ്പുവരുത്തേണ്ടതാണ്.

23.12.2012 ലെ സർക്കാർ ഉത്തരവ് ജി ഒ (പി ) 42 / 12 പി &എ ആർ ഡി പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റം മുഖേന ജില്ലയിൽ സ്ഥലം മാറ്റം ലഭിക്കുന്ന അധ്യാപകർ കാസർഗോഡ് ജില്ലയിൽ നിന്നും പുതുതായി പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ് .

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ / അദ്ധ്യാപിക തെറ്റായ വിവരങ്ങൾ നൽകിയാണ് അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയതെന്ന് ബോധ്യപ്പെട്ടാൽ ടി അധ്യാപകനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ് .

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ 02.01.2024 നകം ജോലിയിൽ പ്രവേശിക്കേണ്ടതാണ് .

Signed by
Nandikeshan N
Date: 20-12-2023 14:43:54

നന്ദികേശൻ എൻ പെൻ .523009
വിദ്യാഭ്യാസ ഉപ ഡയറക്ടർ

I/555608/2023

കാസർഗോഡ്

സ്വീകർത്താവ് :

1.പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

2.വിദ്യാഭ്യാസ ഉപ ഡയറക്ടർ (വയനാട് ,തൃശ്ശൂർ ,മലപ്പുറം ,കണ്ണൂർ ,തിരുവനന്തപുരം)

3 .ബന്ധപ്പെട്ട ജില്ല/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ

4.ബന്ധപ്പെട്ട പ്രധാനാധ്യാപകർ

5.കരുതൽ / ഓഫീസ് ഫയൽ